**മധുരമായ കുട്ടികളേ - ബാബ നിങ്ങൾക്ക് പുതിയ ലോകത്തിനായുള്ള പുതിയ ജ്ഞാന മാണ് നൽകുന്നത്, ഇതിലൂടെയാണ് സൂര്യവംശി കുലത്തിന്റെ സ്ഥാപനയുണ്ടാകുന്നത്. ആ കുലത്തിന്റെ അധികാരികളായി ഇപ്പോൾ നിങ്ങൾ മാറിക്കൊണ്ടിരിക്കുകയാണ്.**

ചോദ്യം - ഏതൊരു കാര്യത്തിന്റെ നിശ്ചയം പക്കാ ആണെങ്കിൽ സഹജമായും സമ്പത്തിന്റെ അധികാരി യാകുവാൻ സാധിക്കും?
ഉത്തരം - ആദ്യം ഈയൊരു നിശ്ചയമുണ്ടായിരിക്കണം, പരിധിയില്ലാത്ത അതേ അച്ഛനാണ് സ്വർഗ്ഗത്തെ സ്ഥാപിക്കാനായി വന്നിരിക്കുന്നത്, ജോലിക്കാര്യങ്ങളെല്ലാം ചെയ്തുകൊണ്ടും ഈയൊരു കാര്യം ഓർമ്മ യിലുണ്ടായിരിക്കണം, നമ്മൾ ആ അച്ഛന്റെ സന്താനങ്ങളാണ്. നമ്മൾ സ്വർഗ്ഗത്തിന്റെ അധികാരികളായിരി ക്കുകയാണ്, അതിനാൽ അപാര സന്തോഷമുണ്ടായിരിക്കണം. പിന്നീട് സഹജമായും സമ്പത്തിന്റെ അധി കാരിയായിത്തീരുന്നു. പക്കാ നിശ്ചയമുള്ളവർക്ക് അപാരമായി സന്തോഷത്തിന്റെ അതിര് വർദ്ധിക്കുന്നു. അഥവാ സന്തോഷമില്ലാ എങ്കിൽ മനസ്സിലാക്കണം, എനിക്ക് കാൽക്കാശിനു പോലും നിശ്ചയം വന്നിട്ടില്ല.

ഗീതം - ഏതൊരു ദിനം മുതൽ നാം കണ്ടുമുട്ടി..........

**ഓംശാന്തി.** ഇത് ആരുടെ മഹിമയാണ്. പരമപിതാവായ പരമാത്മാവിന്റെ മഹിമ. അവരെ പറയാറുള്ളത്, പരംധാമത്തിൽ വസിക്കുന്ന പരമപ്രിയനായ പരമാത്മാവെന്നാണ്. നിങ്ങൾ ബാബയുടെ അനുഭവികളായ കുട്ടികളാണ്, നിങ്ങളെ ബാബ തന്റേതാക്കി മാറ്റിയിരിക്കുന്നു. നിങ്ങളും ബാബയെ തന്റേതാക്കി മാറ്റിയിരി ക്കുന്നു. പരമം അർത്ഥം പരത്തിലും പരം. ഇപ്പോൾ നിങ്ങൾ ആത്മാക്കൾക്ക് ബുദ്ധിയിലേക്ക് വരുന്നുണ്ട്. നമ്മൾ ആത്മാക്കൾ വാസ്തവത്തിൽ പരംധാമത്തിൽ പരമപിതാവായ പരമാത്മാവുമായാണ് വസിക്കുന്ന ത്. ലോകത്തിൽ മറ്റാർക്കും തന്നെ ഈ ജ്ഞാനമില്ല. അവർ സ്വയത്തെ പരമാത്മാവിന്റെ രൂപമാണെന്നാണ് മനസ്സിലാക്കുന്നത്, അപ്പോൾ അതൊരു ജ്ഞാനമല്ലല്ലോ. പരമപിതാപരമാത്മാവ് എപ്പോഴാണോ വരുന്നത്, അപ്പോൾ പുതിയ ലോകത്തേക്കു വേണ്ടിയുള്ള പുതിയ കാര്യങ്ങളാണ് കേൾപ്പിക്കുന്നത്. പുതിയ ലോക ത്തിൽ പുതിയ രാവും പുതിയ പകലുകളുമാണ്. പഴയ ലോകത്തിൽ പഴയ രാവുകളും പഴയ പകലുകളു മാണ്, അനേക പ്രകാരത്തിലുള്ള ദു:ഖത്തിന്റെ കാര്യങ്ങളുമാണ്. ഭൂരിപക്ഷവും ദു:ഖിതരാണ്, രാത്രിയിൽ കാമവികാരത്തിലേക്കു പോകുന്നു, പകലിൽ പാപങ്ങൾ ചെയ്യുന്നു. എന്നാൽ പുതിയ ലോകത്ത് സദാ സുഖം മാത്രമാണ്. ഇതെല്ലാം തീർച്ചയായും ബുദ്ധിയിലുണ്ടായിരിക്കണം. പുതിയ ലോകത്തിൽ സൂര്യ വംശി ലക്ഷ്മി-നാരായണന്റെ രാജധാനിയാണ്. അല്ലാതെ രാജകുമാരി-കുമാരന്മാരുടെ രാജധാനി എന്ന് പറയില്ല. രാജധാനി രാജാ-റാണിമാരുടെതാണ്. സത്യയുഗത്തിൽ ലക്ഷ്മി-നാരായണന്റെ കുലമാണ്. സ്വർഗ്ഗ മായതിനാൽ വളരെയധികം സുഖം മാത്രമാണ്. ആ സുഖത്തിനു വേണ്ടിയുള്ള പുരുഷാർത്ഥമാണ് നിങ്ങൾ ചെയ്യുന്നത്. അത് പാവനമായ രാജധാനിയാണ്. ബാബ നിങ്ങളെ ഈ പാവനമായ ലോകത്തിന്റെ അധികാ രിയാക്കി മാറ്റുകയാണ്. ആ സമയത്ത് വിശ്വത്തിൽ മറ്റൊരു കുലം അഥവാ ധർമ്മവുമില്ല. ആർക്കെങ്കിലും മനസ്സിലാക്കി കൊടുക്കുകയാണെങ്കിൽ അവരെക്കൊണ്ട് എഴുതിക്കണം, ഇതു തന്നെയാണ് യഥാർത്ഥ മായ കാര്യങ്ങൾ. ഇടയ്ക്കിടെ റിവൈസ് ചെയ്യുന്നതിലൂടെ മാത്രമാണ് നിശ്ചയമുണ്ടാകുക. പുതിയ ലോക ത്തിൽ യഥാ രാജാ റാണി തഥാ പ്രജാ പാവനം തന്നെയാണ്. സദാ സുഖികളായിരിക്കുന്നു. ഇപ്പോൾ സദാ ദു:ഖികളാണ്. സംഗമത്തിലാണ് നമ്മൾ വ്യത്യാസം മനസ്സിലാക്കുന്നത്, കലിയുഗ അന്തിമത്തിലെന്താ ണ്, സത്യയുഗ ആദിയിലെന്താണ് എന്നുള്ളത്. ഇന്നെന്താണ്, നാളെയെന്താണ്? ഇപ്പോൾ പരിധിയില്ലാത്ത രാത്രി പൂർത്തിയായി. ഇനി നാളെ പകലിൽ പോയി രാജ്യം ഭരിക്കുന്നു. ഇന്ന് പതിത ലോകം നാളെ പാവനലോകം. സാധു സന്യാസിമാരെല്ലാവരും തന്നെ പതിതപാവന സീതാരാം എന്ന മഹിമ പാടുന്നുണ്ട്. അങ്ങനെ പാടുന്നവരോട് ചോദിക്കണം, താങ്കൾ ആരെയാണ് പതിതപാവനൻ എന്നു മനസ്സിലാക്കുന്നത്? ആരാണ് പതിതർ, പാവനമാക്കുന്നത് ആരാണ്? പതിത ലോകവും പാവനലോകവും എങ്ങനെയുള്ള താണ്? തീർച്ചയായും പതിതരെ പാവനമാക്കുന്ന ആൾ വന്ന് പാവനമാക്കി പാവനലോകത്തേക്ക് കൊണ്ടു പോകുന്നു. കലിയുഗീ അന്ത്യത്തെ പതിതലോകമെന്നും, സത്യയുഗത്തെ പാവനലോകമെന്നും പറയുന്നു. സത്യയുഗത്തെയാണ് എല്ലാവരും ഓർമ്മിച്ചുകൊണ്ടിരിക്കുന്നത്. പാവനലോകം സ്വർഗ്ഗമാണ്. അപ്പോൾ തീർച്ചയായും സ്വർഗ്ഗത്തെ സ്ഥാപിക്കുന്നത് നിരാകാരനായ പരമപിതാവായ പരമാത്മാവ് തന്നെയാണ്. പാവനലോകം അതായത് സ്വർഗ്ഗത്തിലെ രചയിതാവ് പരമപിതാവായ പരമാത്മാവാണ്. നരകത്തിന്റെ രച യിതാവായ രാവണന്റെ മഹിമ ഉണ്ടായിരിക്കില്ല. രാവണനെ കത്തിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ മനു ഷ്യർക്ക് രാവണനെക്കുറിച്ച് അറിയില്ല, രാവണൻ എന്ന പേര് വെച്ചു എന്ന് മാത്രം. രാവണനെപ്പോലുള്ള

മനുഷ്യർ ഉണ്ടാകില്ല. മനുഷ്യനാണെങ്കിൽ പുനർജന്മങ്ങളെടുത്തുകൊണ്ടിരിക്കുന്നു. നാമവും രൂപവും മാറിക്കൊണ്ടിരിക്കുന്നു. രാവണന്റെ പേരും രൂപവും ഒരിക്കലും മാറുന്നില്ല. രാവണന്റെ പത്തു തലയുള്ള കോലമാണ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. ഓരോ ദിവസം കൂടുന്തോറും കോലത്തിനു നീളം വെച്ചുകൊണ്ടിരിക്കുന്നു, കാരണം രാവണൻ വലുതായിക്കൊണ്ടിരിക്കുന്നു. തമോപ്രധാനമായിക്കഴിഞ്ഞു, അതിനാൽ രാവണനെ കത്തിച്ചുകൊണ്ടിരിക്കുന്നു. ആരാണ് പതിതമാക്കുന്നതെന്ന് ഇപ്പോൾ നിങ്ങൾക്ക് മനസ്സിലായി. ഈ പഞ്ചവികാരങ്ങളെത്തന്നെയാണ് രാവണൻ എന്നു പറയുന്നത്. ഇതു തന്നെയാണ് നമ്മെ ദു:ഖിയാക്കുന്നതും പതിതമാക്കുന്നതും. അപ്പോൾ ഈ വികാരങ്ങളെ ഉപേക്ഷിക്കണമല്ലോ. സാധുസന്യാസിമാരെല്ലാം തന്നെ ഈ വികാരങ്ങളെത്തന്നെയാണ് ദാനമായി സ്വീകരിക്കുന്നത്, ശരി അസത്യം പറയുന്നത് ഞങ്ങൾക്ക് നൽകൂ, എന്ന് അവർ പറയുന്നു. സാധാരണയായി കാമവികാരത്തെക്കുറിച്ച് പറയുന്നതിതാണ്, മാസത്തിൽ ഒന്നോ രണ്ടോ തവണയാകാം. എന്നാൽ ഇവിടെ ബാബ പഞ്ചവികാരങ്ങളെയും ഉപേക്ഷിക്കുവാനാണ് പറയുന്നത്. കേവലം ഒരു കള്ളനെ പിടിക്കുകയാണെങ്കിൽ മറ്റുള്ള കള്ളന്മാർ മോഷണമാരംഭിക്കുന്നു. ഇത് മറ്റുള്ളവർക്ക് മനസ്സിലാക്കി കൊടുക്കുവാൻ എളുപ്പമാണ്. പതിത ആത്മാവ്, മഹാൻ ആത്മാവ് എന്നെല്ലാമാണ് പറയുന്നത്. പതിത പരമാത്മാവ്, മഹാൻ പരമാത്മാവ് എന്നു പറയില്ല. അപ്പോൾ ആരാണ് പാവനമാക്കി മാറ്റുന്നതെന്നു ചോദിച്ചാൽ തീർച്ചയായും ഭഗവാനിലേക്ക് സൂചന കാണിക്കുന്നു. ദൃഷ്ടി മുകളിലേക്ക് പോകുന്നു. ഭഗവാൻ എപ്പോഴാണ് വരുന്നത്, അവരുടെ പേര് എന്താണ്? ഭാരതത്തിൽ ശിവ ജയന്തി പ്രസിദ്ധമാണ്. അവരുടെ പേര് ശിവൻ എന്നാണ്, മറ്റൊരു പേരും തന്നെയില്ല. ബുദ്ധിയിലേക്ക് ലിംഗാകാരമാണ് വരുന്നത്. സോമനാഥനെന്നു പറയുകയാണെങ്കിലും ബുദ്ധിയിലേക്ക് ലിംഗാകാരമാണ് വരിക.

ഇപ്പോൾ നിങ്ങൾ ആത്മാക്കൾക്കറിയാം പരമാത്മാവും നമ്മെപ്പോലെ നക്ഷത്രമാണ്. ആകാശത്തു കാണുന്ന ഈ നക്ഷത്രങ്ങളെ നക്ഷത്ര ദേവത എന്നും പറയുന്നുണ്ട്. നക്ഷത്ര ഭഗവാനൊന്നുമില്ല. നിങ്ങളാണ് നക്ഷത്ര ദേവതകൾ. നിങ്ങളെ ഭഗവാൻ എന്നു പറയില്ല. ഭഗവാൻ ബിന്ദു സ്വരൂപമാണ്. എന്നാൽ അതിന്റെ പൂജ എങ്ങനെ ചെയ്യും? ഭക്തിമാർഗ്ഗത്തിലുള്ളവർ ലിംഗാകൃതിയുണ്ടാക്കി. എന്നാൽ ഇത്രയും വലിയൊരു വസ്തു ഉണ്ടാകില്ല. ആത്മാവ് ഒരിക്കലും ചെറുതും വലുതുമാകില്ല. അപ്പോൾ ബാബയെ മാത്രം വലുതാക്കുന്നതും തെറ്റാണ്. ഏതൊരു മനുഷ്യനും പരമാത്മാവിന്റെ യഥാർത്ഥമായ ജ്ഞാനമില്ല. ഇതെല്ലാം തന്നെ വളരെ സൂക്ഷ്മമായ കാര്യങ്ങളാണ്. പറയുന്നു, ബിന്ദു സ്വരൂപമായതിനാൽ എങ്ങനെ ഓർമ്മിക്കാനാണ്? ആത്മാവിന് തന്റെ പിതാവിനെ ഓർമ്മിക്കുക എന്നത് വളരെ എളുപ്പമാണ്. ബാബയുടെ മഹിമ വേറിട്ടതാണ്. ആത്മാവ് ഒരുപോലെയാണ്. ആത്മാവിൽ തന്നെയാണ് നല്ലതും മോശവുമായ സംസ്കാരങ്ങൾ, ഉയർന്നതും നീചവുമായ സംസ്കാരങ്ങൾ. ആത്മാവിൽ തന്നെയാണ് ജ്ഞാനം, ആത്മാവ് എത്ര ചെറുതാണ്. മനുഷ്യർ ധനവാനും ദരിദ്രനുമായി മാറുന്നതും ആത്മാവിലെ സംസ്കാരങ്ങളനുസരിച്ചാണ്. ഇപ്പോൾ നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ മുഴുവൻ ജ്ഞാനവുമുണ്ട്. മനുഷ്യർക്ക് പരമാത്മാവിനെക്കുറിച്ച് അറിയാത്തതിനാൽ ആത്മ ജ്ഞാനവുമില്ല. തലകീഴായി ഈശ്വരനെ സർവ്വവ്യാപി എന്നു മനസ്സിലാക്കി. മുഴുവൻ ധാരണയും ആത്മാവിലാണ് ഉണ്ടാകുന്നത്. തന്റെ സംസ്കാരമനുസരിച്ച് ആത്മാവ് തന്നെയാണ് ഒരു ശരീരമുപേക്ഷിച്ച് മറ്റൊന്ന് എടുക്കുന്നത്. ആത്മാവാണ് സംസാരിക്കുന്നത്. മനുഷ്യർ സ്വയത്തെ മനുഷ്യനാണെന്നു പറഞ്ഞാണ് സംസാരിക്കുന്നത്. ആത്മാവെന്നു മനസ്സിലാക്കാനുള്ള അഭ്യാസം ചെയ്യണം. നമ്മൾ ആത്മാക്കളെ പഠിപ്പിക്കുന്നത്, പരമപിതാവായ പരമാത്മാവാണ്. മനുഷ്യർ ആത്മാവ് നിർലേപമെന്നാണ് പറയുന്നത്. നിർലേപമാണെങ്കിൽ എന്തിലാണ് സംസ്കാരം നിറയുന്നത്. വളരെയധികം പേരും സംശയിക്കുന്നുണ്ട്. പുതിയ ലോകത്തേക്കുള്ള പുതിയ ജ്ഞാനമാണ് ബാബ നൽകുന്നത്. ഇതൊരിക്കലും പഴയ ലോകത്തിലെ മനുഷ്യർക്ക് നൽകാനാകില്ല. അതിനാൽ ബാബയെ അറിയണമല്ലോ. ഭക്തർക്ക് ഭഗവാനിലൂടെ സമ്പത്തെടുക്കണം. ഭക്തിയും നടന്നുവരുന്നുണ്ട്. കല്ലിലും മുള്ളിലും പരമാത്മാവിനെ അന്വേഷിച്ചുകൊണ്ടിരിയ്ക്കുന്നു. എല്ലാം പരമാത്മാവിന്റെ രൂപമാണെന്ന് മനസ്സിലാക്കുന്നു. വാസ്തവത്തിൽ എല്ലാം സഹോദര സഹോദരങ്ങളാണ്. ലക്ഷ്മീനാരായണനിൽ നിന്നു തുടങ്ങി ഏതെല്ലാം മനുഷ്യരുണ്ടോ എല്ലാവരും സഹോദര സഹോദരങ്ങളാണ് അതായത് സഹോദരീ സഹോദരനാണ്, എന്തുകൊണ്ടെന്നാൽ പ്രജാപിതാ ബ്രഹ്മാവിന്റെ സന്താനങ്ങളാണ്. അഥവാ ശിവന്റെ സന്താനങ്ങളാണെന്നു പറയുകയാണെങ്കിൽ അത് നിരാകാര ആത്മാക്കളാണ്. ശാരീരിക രൂപത്തിൽ ബ്രഹ്മാവിന്റെ കുട്ടികൾ സഹോദരീ സഹോദരരാണ്. എന്നാൽ  വീണ്ടും ഗൃഹസ്ഥ വ്യവഹാരത്തിൽ വരുന്നതോടെ സഹോദരീ സഹോദരന്റെ ബോധം മറന്നു പോകുന്നു. അഥവാ ആ ജ്ഞാനമുണ്ടെങ്കിൽ പിന്നീട് വികാരത്തിലേക്ക് പോകില്ല. ഇപ്പോൾ വീണ്ടും ബാബ മനസ്സിലാക്കി തരികയാണ് നിങ്ങൾ വികാരത്തിലേക്ക് പോകരുത്. നിങ്ങൾ ഒരച്ഛന്റെ കുട്ടികൾ സഹോദരീ സഹോദരങ്ങളാണ്. ഇപ്പോൾ ബ്രഹ്മാവ് സമീപത്ത് ഇരിയ്ക്കുന്നുണ്ട്. നിങ്ങൾ അവരുടെ കുട്ടികൾ ബി.കെ.ആണ്. ഇത് ഗൃഹസ്ഥ വ്യവഹാരത്തിലിരുന്ന് പവിത്രമായി മാറുന്നതിന്റെ യുക്തിയാണ്. ജനക മഹാരാജാവിന്റെ ഉദാഹരണവുമുണ്ടല്ലോ. ആദ്യം കേവലം ഓരോരോ കാര്യത്തിലും നിശ്ചയമുണ്ടാ

കണം സ്വർഗ്ഗം സ്ഥാപിയ്ക്കാൻ ബാബ വന്നുകഴിഞ്ഞു. ഇത് അമ്പു പോലെ തറച്ചാൽ പെട്ടെന്ന് ബാബയുടെതായി മാറും.

ബാബ പറയുന്നു നിങ്ങൾ എന്റേതായി മാറുകയാണെങ്കിൽ ഞാൻ നിങ്ങളെ സ്വർഗ്ഗത്തിന്റെ അധികാരിയാക്കി മാറ്റും. ഇത് അതേ പരിധിയില്ലാത്ത അച്ഛനാണെന്ന നിശ്ചയമുണ്ട്. നമ്മൾ തീർച്ചയായും സമ്പത്തെടുക്കും. മൻമനാഭവ, മധ്യാജി ഭവ എത്ര സഹജമായ കാര്യമാണ്. ജോലികൾ ചെയ്തും ബുദ്ധിയിൽ ഈ സ്മൃതിയുണ്ടായിരിക്കണം– നമ്മൾ ബാബയുടെ കുട്ടികളാണ്. നമ്മൾ സ്വർഗ്ഗത്തിന്റെ അധികാരിയായി മാറും. എങ്കിൽ ഈ സന്തോഷത്തിൽ ഇരിയ്ക്കും. ഇത് 84 ജന്മങ്ങളുടെ ചക്രമാണ്. 84 ജന്മം കേവലം സൂര്യവംശീ ദേവീ ദേവതകളുടെത് തന്നെയാണ്. നിങ്ങൾക്കറിയാം നമ്മൾ സ്വദർശന ചക്രധാരിയാണ്. കേവലം ചക്രം എന്നു പറയുന്നതിലൂടെ ജന്മം തെളിയിക്കപ്പെടുന്നില്ല. അതിനാൽ നമ്മൾ 84 ജന്മങ്ങളെക്കുറിച്ചറിയുന്നവരായ സ്വദർശന ചക്രധാരികളാണെന്ന് പറയണം. അതിനാൽ ബാബയുടെയും 5 യുഗത്തിന്റെയും ഓർമ്മ വരും. ഇപ്പോൾ വീണ്ടും സ്വർഗ്ഗത്തിലേക്ക് പോകുകയാണ്. നമ്മുടെ 84 ജന്മങ്ങൾ പൂർത്തിയായി. ബുദ്ധിയിൽ ചക്രം കറക്കിക്കൊണ്ടിരിയ്ക്കുന്നു, ശരീര നിർവഹണാർത്ഥം ജോലികളും ചെയ്തുകൊണ്ടിരിയ്ക്കുന്നു. ബാബ പറയുന്നു സ്വദർശന ചക്രത്തിന്റെ ജ്ഞാനം എന്റെ ഭക്തർക്ക് നൽകണം. അവർക്ക് മനസ്സിലാക്കിക്കൊടുക്കുന്നതിലൂടെ നമ്മൾ 84 ജന്മങ്ങളെടുക്കുന്നുവെന്ന് പെട്ടെന്ന് മനസ്സിലാക്കാൻ സാധിയ്ക്കും. 84 ജന്മങ്ങൾ എടുക്കാത്തവരുണ്ടെങ്കിൽ അവർക്ക് ധാരണയുണ്ടാകില്ല. 84 ജന്മങ്ങളുടെ അർത്ഥം തന്നെയിതാണ് , ആദ്യമാദ്യം നമ്മൾ സൂര്യവംശിയിലേക്ക് പോകും. ആരെങ്കിലും കുറച്ചെങ്കിലും കേട്ട് പോയിട്ടുണ്ടെങ്കിൽ സ്വർഗ്ഗത്തിൽ തീർച്ചയായും വരും. എന്നാൽ 84 ജന്മങ്ങൾ എടുക്കില്ല, വൈകിയേ വരാൻ സാധിയ്ക്കൂ. അവർക്ക് പിന്നീട് 84 ജന്മങ്ങൾ ഉണ്ടാകില്ല. ഇത് ജ്ഞാനത്തിന്റെ എത്ര സൂക്ഷ്മമായ കാര്യങ്ങളാണ്. എത്ര കണക്കുകളാണ്. എങ്കിലും ബാബ പറയുന്നു ഇത്രയും സൂക്ഷ്മമായ രഹസ്യങ്ങൾ മനസ്സിലാക്കാൻ സാധിയ്ക്കുന്നില്ലെങ്കിൽ ബാബയുടെതായി മാറി സമ്പത്തെടുക്കൂ. നമ്മൾ ശിവബാബയുടെ കുട്ടികളാണ്. ശിവബാബ സ്വർഗ്ഗത്തിന്റെ രചയിതാവാണ്. ഈ ലഹരിയിൽ ഇരിയ്ക്കണം. പക്ഷേ മായ ഇരിയ്ക്കാൻ അനുവദിയ്ക്കില്ല. ചിലർ പറയും ബാബയെയും സമ്പത്തിനെയും ഓർമ്മിയ്ക്കുക ഇത് വലിയ കാര്യമൊന്നുമല്ല. മായ ഞങ്ങളെ എന്തു ചെയ്യും, ഞങ്ങൾ തീർച്ചയായും സമ്പത്തെടുക്കും. എത്ര സഹജമായ കാര്യമാണ്. ആർക്കെങ്കിലും അമ്പ് തറയ്ക്കുകയാണെങ്കിൽ ബാബയെയും സമ്പത്തിനെയും ഓർമ്മിച്ച് സന്തോഷത്തിലിരിയ്ക്കുന്നു. ആർക്കെങ്കിലും സന്തോഷമില്ലെങ്കിൽ ബാബ പറയും നയാപൈസയുടെ നിശ്ചയമുള്ളവരാണെന്ന്. ഉറച്ച നിശ്ചയമുള്ളവർക്ക് സന്തോഷത്തിന്റെ അളവ് വളരെയധികം വർദ്ധിച്ചുകൊണ്ടിരിയ്ക്കുന്നു. ഏതെങ്കിലും രാജാവിന് സന്താനമില്ലെങ്കിൽ പറയാറുണ്ട് കോട്ടയുടെ ഉള്ളിൽ ആദ്യമാദ്യം ആരാണോ വരുന്നത് അവരെ ദത്തെടുക്കും. പിന്നീട് ക്യൂ ഉണ്ടാകുന്നു. മത്സരത്തിലും ക്യൂ ഉണ്ടാകും, പാൽ ബോട്ടിലിനായും ക്യൂ ഉണ്ടാകും. ആദ്യ നമ്പരിൽ വരാൻ വേണ്ടി രാവിലെ എഴുന്നേറ്റ് പോയി ക്യു നില്ക്കുന്നു. അല്ലെങ്കിൽ പിന്നെ കാത്തിരിക്കേണ്ടി വരുമെന്ന് മനസ്സിലാക്കുന്നു. ഇവിടെയും ബാബയുടെ കഴുത്തിലെ മാലയായി മാറുന്നതിനുവേണ്ടി ക്യൂ ഉണ്ട്. മുഴുവൻ ആധാരവും പുരുഷാർത്ഥത്തിലാണ്. ബാബയെ ഓർമ്മിയ്ക്കുക ഇത് ബുദ്ധിയുടെ ഓട്ടമാണ്. ബാക്കി ജോലി മുതലായവ ചെയ്തുകൊണ്ടിരിയ്ക്കൂ, ആത്മാവ് ഹൃദയം കൊണ്ട് ഓർമ്മിയ്ക്കുന്നു, കൈകൾ കൊണ്ട് കർമ്മം ചെയ്യുന്നു....പ്രിയതമയും പ്രിയതമനും ഒരുഭാഗത്ത് ഇരുന്നില്ലെങ്കിലും ജോലികൾ മുതലായവ ചെയ്തും ബുദ്ധി അവരുടെ ഭാഗത്തേക്ക് പോകുന്നു. ഇവിടെയും നമ്മളെ സ്വർഗ്ഗത്തിന്റെ അധികാരിയാക്കുന്ന ഒന്നിന്റെ കൂടെ ബുദ്ധി ഇരിയ്ക്കണം. സമയം ലഭിയ്ക്കുമ്പോൾ ഇതിൽ പുരുഷാർത്ഥം ചെയ്യൂ. ഗൃഹസ്ഥ വ്യവഹാരത്തിലും ഇരിയ്ക്കണം, ഇത് ഏതെങ്കിലും കർമ്മ സന്യാസം അല്ല. ശരീര നിർവഹണാർത്ഥം ചെയ്യുക തന്നെ വേണം.

ഇപ്പോൾ ബാബ ബ്രഹ്മാശരീരത്തിൽ വന്നു പറയുന്നു– ഞാൻ നിങ്ങളുടെ അച്ഛനാണ്, ഞാൻ നിങ്ങളെ സ്വർഗ്ഗത്തിന്റെ അധികാരിയാക്കി മാറ്റുന്നു. നിങ്ങൾ എന്നെ സ്വന്തമാക്കില്ലേ, എന്റേതായി മാറിയിട്ടുണ്ടെങ്കിൽ ഇപ്പോൾ എന്നോടൊപ്പം യോഗം വയ്ക്കൂ. കൂടാതെ എന്റേതായി മാറിയതിനുശേഷം പവിത്രമായിരിക്കുന്നില്ലെങ്കിൽ, പേരിനെ മോശമാക്കുകയാണെങ്കിൽ വളരെയധികം ശിക്ഷ ലഭിയ്ക്കും. സദ്ഗുരുവിന്റെ നിന്ദകർക്ക് സ്വർഗ്ഗത്തിന്റെ വാതിലിലൂടെ പോകാൻ സാധിക്കില്ല. ശരി.

ബാപ്ദാദ, മാതാ പിതാ, ആരിലൂടെയാണോ സ്വർഗ്ഗത്തിന്റെ സദാ സുഖത്തിന്റെ സമ്പത്ത് എടുക്കുന്നത്, സ്വദർശന ചക്രധാരിയായി രാജ്യഭാഗ്യം എടുക്കുന്നത്, ഇങ്ങനെയുള്ള ബാപ്ദാദയുടെ കളഞ്ഞുപോയി തിരികെ കിട്ടിയ കുട്ടികൾക്ക് സ്നേഹ സ്മരണകളും ഗുഡ്മോണിംഗും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണക്കുള്ള മുഖ്യമായ സാരം -**

1. ബാബയുടെ കഴുത്തിലെ മാലയാകുന്നതിനു വേണ്ടി ബുദ്ധിയുടെ ഓട്ട മത്സരം നടത്തണം. ഓർമ്മയുടെ യാത്രയുടെ മത്സരം നടത്തണം.

2. ശരീര നിർവഹണാർത്ഥം കർമ്മം ചെയ്തു കൊണ്ടും സ്വദർശന ചക്രം കറക്കണം. ഒരിക്കലും സദ്ഗുരുവിന്റെ നിന്ദകരായി മാററുത്. പേര് മോശമാക്കുന്ന ഒരു കർമ്മവും ചെയ്യരുത്.

## വരദാനം:- തന്റെ മിച്ചമുള്ള ശരീരം-മനസ്സ്-ധനത്തെ ഈശ്വരീയ കാര്യത്തിൽ ഉപയോഗിച്ച് നിക്ഷേപം നടത്തുന്നവരായ സദാ സഹയോഗിയായി ഭവിക്കട്ടെ.

ഓർമ്മചിഹ്നത്തിൽ ഗോവർദ്ധന പർവ്വതത്തെ ഉയർത്തുന്നതിൽ ഓരോരുത്തരുടെയും വിരൽ കാണിച്ചിട്ടുണ്ട്- ഇത് താങ്കളുടെ സഹയോഗത്തിന്റെ അടയാളമാണ്. ചിത്രത്തിൽ ബാബയുടെ കൂട്ടും കാണിച്ചിട്ടുണ്ട് അതേപോലെ സേവനവും കാണിച്ചിട്ടുണ്ട്. ഇപ്പോൾ താങ്കൾ കുട്ടികൾ ബാപ്ദാദയുടെ സഹയോഗിയായതിനാൽ ഓർമ്മചിഹ്നവും ഉണ്ടാക്കിയിട്ടുണ്ട്. ഭക്തിയിലാണെങ്കിൽ ശരീരം-മനസ്സ്-ധനം എന്തെല്ലാം തന്നെ മുടക്കിയോ അതിൽ 99 ശതമാനവും നഷ്ടപ്പെടുത്തി. ബാക്കി അവശേഷിച്ച ഒരു ശതമാനം ഇപ്പോൾ സത്യമായ മനസ്സോടെ ഈശ്വരീയ കാര്യത്തിൽ ഉപയോഗിക്കൂ, എങ്കിൽ പിന്നീട് കോടി മടങ്ങ് നിക്ഷേപം സമാഹരിക്കപ്പെടും.

## സ്ലോഗൻ:- ആര് വിനയമുള്ളവരാണോ അവർക്ക് സ്വതവേ സർവ്വരുടെയും ബഹുമാനം പ്രാപ്തമാകും.